LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സർക്കാർ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക എന്നത് പ്രായോഗികവും പ്രാവർത്തികവുമല്ല. പുതിയ ഐ.ടി./ഐ.ടി.ഇ..എസ്. അധിഷ്ഠിത വ്യവസായങ്ങൾ, കൂടുതൽ ഐ.ടി/ഐ.ടി.ഇ.എസ്. വികസന സാധ്യതകൾ തുടങ്ങിയവ സംസ്ഥാനമൊട്ടാകെ പ്രയോജനപ്പെടുത്തുന്നതിനാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി 'Hub & Spoke' മാതൃകയിൽ പാർക്കുകൾ ആരംഭിക്കുവാൻ സർക്കാർ ഐ.ടി പോളിസിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രധാന നഗരങ്ങൾ 'Hub' ആയും മറ്റ് പ്രദേശങ്ങൾ ബന്ധിപ്പിച്ച് 'Spoke' കൾ ആയും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ പ്രധാന 'Hub' കളായി കേന്ദ്രീകരിച്ച് ഈ രീതിയിൽ ഐ.ടി. സംരംഭങ്ങൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇങ്ങനെ 'Hub& Spoke' മാതൃകയിൽ സംസ്ഥാനത്ത് ആരംഭിച്ച ആദ്യത്തെ ഐ.ടി. പാർക്കാണ് തിരുവനന്തപുരം ടെക്നോപാർക്ക്. ഇതിന്റെ കീഴിൽ കണ്ടറയിൽ ടെക്നോപാർക്ക് പ്രവർത്തിച്ചുവരുന്നു. ഇതുപോലെ കൊച്ചി ഇൻഫോപാർക്ക് കേന്ദ്രീകരിച്ചു കൊരട്ടിയിലും (തൃശ്ശൂർ ജില്ല), ചേർത്തലയിലും പാർക്കുകൾ പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് സൈബർ പാർക്കിന്റെ കീഴിലായിരിക്കും കണ്ണൂരും കാസർഗോഡുമുള്ള ഐ.ടി. പാർക്കുകൾ. കോട്ടയം ജില്ലയിൽ പാലായിലും (ഇൻഫോസിറ്റി), മലപ്പുറം ജില്ലയിൽ അരീക്കോടും ഓരോ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സ്വന്തമായി ഭൂമിയും മൂലധനവുമുള്ള സ്വകാര്യ സംരംഭകർക്ക് സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് ഐ.ടി. പാർക്കുകൾ സംസ്ഥാനത്ത് വ്യാപിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

- **മലബാർ മേഖലയിലെ വൈദ്യുതി പ്രശ്നങ്ങൾ**

10 (*340) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രശ്നത്തിന് എത്രത്തോളം പരിഹാരമുണ്ടാക്കാനായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മേഖലയിലുണ്ടാകുന്ന വൈദ്യുതി തകരാർ പരിഹരിച്ചു കിട്ടാൻ വളരെയേറെ കാലതാമസമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത മേഖലയിലെ വൈദ്യുതി വിതരണ സംവിധാനത്തിലെ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സാങ്കേതിക വിദഗ്ധരുടെ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) മലബാർ മേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതികളിൽ ഉൾപ്പെടുത്തി വിതരണ ലൈനുകളുടെ ശാക്തീകരണവും കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും നടത്തി വരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഇതുവരെ 447.6 കിലോമീറ്റർ 11 കെ.വി. ലൈൻ വലിക്കുകയും 766 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 710 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, റെഗുലേഷൻ 6,7 എന്നിവ അനുശാസിക്കുന്ന രീതിയിൽ ഗ്രാമീണവാരത്തിലുള്ള വൈദ്യുതി ലഭ്യമാക്കുവാനുതകുന്ന രീതിയിലുള്ള വിതരണ ശൃംഖല മലബാർ മേഖലയിൽ ഇപ്പോൾ തന്നെ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, വോൾട്ടത ഉയർത്തി വൈദ്യുതി പ്രസരണം നടത്തുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവർത്തികൾ ചെയ്തു വരുന്നു. ഇവ പൂർത്തിയാക്കുന്ന മുറയ്ക്ക് മലബാർ മേഖലയിലെ വിതരണ മേഖല കാര്യക്ഷമമാകുകയും വൈദ്യുതി ലഭ്യത വർദ്ധിക്കുകയും ചെയ്ത്, അതുവഴി വോൾട്ടേജ് ക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിന് സാധിക്കും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, വൈദ്യുതി തകരാർ സംബന്ധമായ പരാതികൾ യഥാസമയം പരിഹരിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസരണ മേഖലയിൽ ഉണ്ടാകുന്ന വൈദ്യുതി തകരാറുകൾ കഴിവതും വേഗം തന്നെ പരിഹരിച്ച് വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാറുണ്ട്.

(സി) വൈദ്യുതി വിതരണ മേഖല ഇപ്പോൾ തന്നെ കാര്യക്ഷമമാക്കിയിട്ടുണ്ട്. മലബാർ മേഖലയിലെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ ഷൊർണ്ണൂർ കേന്ദ്രമായി ഒരു ടീം (Team) രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly